# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 991 | 10.08.2017-ൽ മറുപടിയ്ക്ക് |

## തങ്കളം -കാക്കനാട് നാലുവരിപ്പാത നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തങ്കളം - കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2016-17 ബഡ്ജറ്റിൽ 30 കോടി രൂപയും, 2017-18 ബഡ്ജറ്റിൽ 37 കോടി രൂപയും കിഫ്ബിയിൽനിന്നും അനുവദിച്ചിരുന്നുവെങ്കിലും സ്ഥലമേറ്റെടുപ്പും, നിർമ്മാണ പ്രവർത്തനങ്ങളും നാളിതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്ഥലമേറ്റെടുപ്പ് നടപടി ഇനിയും പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) 01.11.2016-ലെ സ.ഉ. (സാധാ) നം. 1502/16/PWD പ്രകാരം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി, 30 കോടി രൂപ അനുവദിച്ച റീച്ചിലെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും, കെട്ടിടങ്ങളുടെ വാല്യുവേഷനും അടക്കം റിക്വിസിഷൻ നൽകിയിട്ടുണ്ട്. KIIFB മുഖാന്തിരമുള്ള ഫണ്ട് അനുവദിച്ച് കിട്ടിയിട്ടില്ല. |
| (സി) നാളിതുവരെ എത്ര തുക ഈ റോഡിന് വേണ്ടി അനുവദിച്ചെന്നും എത്രമാത്രം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) ഉത്തരംഅനുബന്ധമായി ചേർക്കുന്നു. ആദ്യ ഘട്ടത്തിൽ മൊത്തം 800 മീറ്റർ നീളത്തിൽ ബി.എം. & ബി.സി. വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തിയിൽ ഒരു ബോക്സ് കൾവർട്ട് ഉൾപ്പെടെ രണ്ട് കൾവർട്ടുകൾ പൂർത്തീകരിച്ചു. |

| | |
|---|---|
| (ഡി) സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) കാക്കനാട് - കോതമംഗലം (മനയ്ക്കക്കടവ് - തങ്കളം) റോഡിന്റെ രണ്ടാം ഘട്ടം ചെയിനേജ് 24/600 മുതൽ 26/057 വരെയുള്ള ഭൂമിയേറ്റെടുക്കുന്നതിനായി, സ്ഥല വിലയും, പുനരധിവാസവും ചേർത്ത്, 20 കോടി രൂപയുള്ള എൽ.സി പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പർ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | G.O (Rt) No. 1186/09/PWD dated 14.08.2009 | 500.00 |
| 2 | G.O (Rt) No. 313/13/PWD dated 02.03.2013 | 500.00 |
| 3 | G.O (Rt) No. 1930/15/PWD dated 22.12.2015 | 400.00 |
| 4 | G.O (Rt) No. 1563/08/PWD dated 18.09.2008 | 135.68 |
| 5 | G.O (Rt) No. 84/09/PWD dated 21.01.2009 | 125.00 |
| 6 | G.O (Rt) No. 1045/09/PWD dated 14.07.2009 | 500.00 |
| 7 | G.O (Rt) No. 1047/09/PWD dated 14.07.2009 | 98.00 |
| 8 | G.O (Rt) No. 373/16/PWD dated 16.02.2016 | 2000.00 |
| 9 | G.O (Rt) No. 1502/16/PWD dated 01.11.2016 (Administrative Sanction through KIIFB) | 3000.00 |
| 10 | G.O.(Rt) No. 942/2017/PWD dated 10.07.2017 (In-Principle Sanction through KIIFB) | 3700.00 |

സെക്ഷൻ ഓഫീസർ